

സംസ്ഥാന പോലീസ് ചരിത്രത്തിൽ ആദ്യമായി ഭർത്താവ് ഭാര്യയ്ക്ക് ബാറ്റേൺ കൈമാറുന്ന ഒരു അപൂർവ്വ അധികാര കൈമാറ്റത്തിന് കൊല്ലം കമ്മീഷണർ ഓഫിസ് വേദിയായി. കൊല്ലം നഗരത്തിന്റെ സുരക്ഷ ചുമതല വഹിച്ച സതീഷ് ബിനൊ ഐ.പി.എസിൽ നിന്നും പദവി ഏറ്റുവാങ്ങി ഭാര്യ അജിതാ ബീഗം ഐ.പി.എസ് കൊല്ലം സിറ്റി പോലീസ് കമ്മീഷണറായി ചുമതല ഏറ്റെടുത്തു.

കഴിഞ്ഞ ഒരു വർഷമായി കൊല്ലം നഗരത്തിന്റെ സുരക്ഷാ ചുമതല വഹിച്ച സതീഷ് ബിനൊ ഐ.പി.എസ് പത്തനംതിട്ടയിലേക്ക് സ്ഥലം മാറിയപ്പോൾ പകരം എത്തിയത് ഭാര്യ അജിതാ ബീഗം ഐ.പി.എസ്. കാശ്മീർ മുതൽ ഒട്ടനവധി സംസ്ഥാനങ്ങളിൽ ഇരുവരും ജോലി ചെയ്തിട്ടുണ്ടെങ്കിലും ഭർത്താവിൽ നിന്നും ബാറ്റൺ ഏറ്റുവാങ്ങുന്നതിൽ ഏറെ സന്തോഷമുണ്ടെന്ന് പുതുതായി ചുമതല ഏറ്റെടുത്ത സിറ്റി പോലീസ് കമ്മീഷണർ അജിതാ ബീഗം ഐ.പി.എസ് പറഞ്ഞു.

സുരക്ഷയ്ക്കായി താൻ കൊണ്ടു വന്ന പദ്ധതികൾ ഭാര്യ തന്നേക്കാൾ മികച്ച രീതിയിൽ കൊണ്ടുപോകുമെന്ന് സതീഷ് ബിനൊ ഐ.പി.എസ് പ്രതികരിച്ചു. കൊല്ലം റൂറൽ പോലീസിന്റെ ചുമതലയാണ് അജിതാ ബീഗം ഐ.പി.എസ് വഹിച്ചിരുന്നത്.

. .